(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**അച്ചടി വകുപ്പിൽ സ്വീപ്പർ ഗ്രേഡ്-2 തസ്തികകളിൽ നിയമനം ലഭിച്ചവരുടെ വിശദാംശം**

**223 (6142)** ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം അച്ചടി വകുപ്പിൽ സ്വീപ്പർ ഗ്രേഡ്-2 തസ്തികകളിൽ എത്ര പേരെ നിയമിച്ചു ; അവരുടെ പേര് വിവരം വെളിപ്പെടുത്തുമോ ; ഇവർക്ക് ഏതെല്ലാം ഗവൺമെന്റ് പ്രസ്സുകളിലായിട്ടാണ് നിയമനം നൽകിയത് എന്ന് വിശദമാക്കുമോ ;

(ബി) ഇവർക്ക് നിയമനം നൽകിയത് ഏത് രീതിയിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത നിയമനരീതി തെറ്റാണെന്ന് കാണിച്ച് സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എന്നിട്ടും അവർക്ക് നിയമനം നൽകിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10 പേരെ നിയമിച്ചു. അവരുടെ പേര് വിവരം, നിയമനം നൽകിയ കാര്യാലയം എന്നീ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ഉദ്യോഗക്കയറ്റം മുഖേന.

(സി) ഉണ്ട്. പ്രസ്തുത നിർദ്ദേശം നൽകിയശേഷം അവർക്ക് നിയമനം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**അച്ചടി വകുപ്പിലെ ക്ലാർക്കുമാരുടെ നിയമനം**

**224 (6143)** ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിൽ ഓഫീസ് മാനുവൽ അനുസരിച്ച് ക്ലാർക്ക് തസ്തികയിൽ അതാത് സീറ്റിൽ റൊട്ടേഷൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര വർഷം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലാവധി കഴിഞ്ഞശേഷം ഇപ്പോൾ ഗവൺമെന്റ് പ്രസ്സിലും, ഡയറക്ടറേറ്റിലും ഓഫീസിലും എത്ര ക്ലാർക്കുമാർ ജോലി ചെയ്യുന്നു ; ഏതൊക്കെ സീറ്റുകളിൽ ;

(സി) റൊട്ടേഷൻ കാലാവധി കഴിഞ്ഞും സീറ്റുകളിൽ ജോലി ചെയ്യുന്ന വരെ മാറ്റി പുതിയ ക്ലാർക്കുമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട് . മൂന്നു വർഷത്തിലൊരിക്കൽ.

(ബി) 8 പേർ. അവരുടെ പേര് വിവരവും ജോലി ചെയ്യുന്ന സെക്ഷനും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇപ്പോൾ പരിഗണനയിലില്ല.

**അച്ചടി വകുപ്പിൽ വിവിധ തസ്തികകളിലെ നിയമനം**

**225 (6144)** ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം അച്ചടി വകുപ്പിൽ പാക്കർ ഗ്രേഡ്-2, കൗണ്ടർ ഗ്രേഡ്-2, ലാസ്കർ ഗ്രേഡ്-2, സ്വീപ്പർ ഗ്രേഡ്-2 എന്നീ തസ്തികകളിലേക്ക് പി.എസ്.സി വഴി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം പ്രസ്സുകളിലാണ് അവർക്ക് നിയമനം നൽകിയിരിക്കുന്നതെന്നും അവരുടെ പേര് വിവരവും വെളിപ്പെടുത്തുമോ ;

(സി) ഇവർക്ക് പോസ്റ്റിംഗ് ഓർഡർ നൽകിയത് എന്നാണ് ;

(ഡി) ജോലിയിൽ പ്രവേശിച്ചശേഷം ഇതിൽ നിന്നും എത്ര പേർ പിരിഞ്ഞുപോയിട്ടുണ്ട് ; അവർ ആരെല്ലാമെന്നും ഏതൊക്കെ തീയതികളിലാണ് പിരിഞ്ഞു പോയതെന്നും വെളിപ്പെടുത്തുമോ ;

(ഇ) എന്ത് കാരണങ്ങളാലാണ് ഇത്രയും പേർ പിരഞ്ഞുപോയിട്ടുള്ളത് ;

(എഫ്) ഇവർ പിരിഞ്ഞുപോയ ഒഴിവിൽ നിയമനം നടത്തുവാൻ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ എതെല്ലാം തീയതികളിൽ എന്ന് വ്യക്തമാക്കുമോ ; പി.എസ്.സി മുഖേന പുതിയ നിയമനം എന്നാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

| | | |
|---|---|---|
| (എ) | പാക്കർ ഗ്രേഡ് -2 | 27 |
| | കൗണ്ടർ ഗ്രേഡ് -2 | 41 |
| | ലാസ്കർ ഗ്രേഡ് -2 | 48 |
| | ആകെ | 116 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly